**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 897** **09-10-2024 - ൽ മറുപടിയ്ക്ക്**

**പ്രീമെട്രിക് സ്കോളർഷിപ്പ് നഷ്ടമായതായ സി. ആന്റ് എ.ജി റിപ്പോർട്ടിലെ പരാമർശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ചാണ്ടി ഉമ്മൻ,<br>ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | അപേക്ഷകൾ കൃത്യസമയത്ത് തീർപ്പാക്കാത്തതിനെ ത്തുടർന്ന് പട്ടികജാതി വിദ്യാർത്ഥികൾക്ക് കേന്ദ്ര പ്രീമെട്രിക് സ്കോളർഷിപ്പ് നഷ്ടമായതായ സി ആന്റ് എ.ജി റിപ്പോർട്ടിലെ പരാമർശം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | അപേക്ഷകൾ കൃത്യസമയത്ത് തീർപ്പാക്കാത്തതിനെത്തുടർന്ന് പട്ടികജാതി വിദ്യാർത്ഥികൾക്ക് കേന്ദ്ര പ്രീമെട്രിക് സ്കോളർഷിപ്പ് നഷ്ടമായ സാഹചര്യം വന്നിട്ടില്ല. |
| (ബി) | പ്രീമെട്രിക് സ്കോളർഷിപ്പുകൾ സമയബന്ധിതമായി തീർപ്പാക്കാത്തതിനെത്തുടർന്ന് എത്ര പേർക്കാണ് ആനുകൂല്യങ്ങൾ നഷ്ടപ്പെട്ടിട്ടുള്ളതെന്നും ഏത് സാഹചര്യത്തിലാണ് ഇപ്രകാരം സംഭവിച്ചതെന്നും ഈ കാര്യത്തിൽ ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | പ്രീമെട്രിക് സ്കോളർഷിപ്പുകൾ സമയബന്ധിതമായി തീർപ്പാക്കാത്തതു കാരണം ആനുകൂല്യം നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടില്ല.<br><br>2022-23 വർഷം മുതൽ സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ് കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 60:40 കേന്ദ്ര-സംസ്ഥാന അനുപാതത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. സ്ഥാപനത്തിൽ നിന്നും ഓൺലൈനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച ശേഷം അർഹതയ്ക്ക് വിധേയമായി അംഗീകാരം നൽകുകയും അംഗീകാരം ലഭിക്കുന്ന അപേക്ഷകൾക്ക് PFMS മുഖേന സംസ്ഥാനവിഹിതം വിതരണം ചെയ്യുകയും, ശേഷം കേന്ദ്രവിഹിതം വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്കു നേരിട്ടു ലഭിക്കുന്നതിനായി വിദ്യാർത്ഥികളുടെ ഡേറ്റ, നാഷണൽ സ്കോളർഷിപ്പ് പോർട്ടലിലേക്ക് ഷെയർ ചെയ്യുന്നു. ഇപ്രകാരം അർഹതയുള്ള വിദ്യാർത്ഥികൾക്ക് സംസ്ഥാന വിഹിതം വിതരണം ചെയ്യുകയും കേന്ദ്ര വിഹിതം നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ മുഖേന നൽകി വരികയും ചെയ്യുന്നു. |
| (സി) | സ്കോളർഷിപ്പുകൾ ഉൾപ്പെടെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ഉദ്യോഗസ്ഥ വീഴ്ചമൂലം നഷ്ടപ്പെടുന്നത് | (സി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അർഹതപ്പെട്ട ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്തു വരുന്നുണ്ട് . ഉദ്യോഗസ്ഥ വീഴ്ച മൂലം ആനുകൂല്യം നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടില്ല. |

| | | | |
|---|---|---|---|
| | ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിവിധ ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് യഥാസമയം നൽകുന്നതിന് ചുവടെ ചേർക്കുന്ന വിവിധ നടപടികൾ വകുപ്പുകൾ സ്വീകരിച്ച് വരുന്നു.<br>1. സ്കോളർഷിപ്പ് വിതരണം ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന അനുവദിച്ചു വരുന്നു.<br>2. വിവിധ സേവനങ്ങൾ ഓൺലൈൻ മുഖാന്തരമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് .<br>3. വകുപ്പിന് കീഴിലുള്ള ഉദ്യോഗസ്ഥരുടെയും പ്രൊമോട്ടർമാരുടേയും/ കമ്മിറ്റഡ് സഹായത്തോടെ വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക് യഥാസമയം അപേക്ഷകൾ സമർപ്പിക്കുവാൻ കഴിയുന്നുണ്ട്.<br>4. വകുപ്പ് നടപ്പിലാക്കി വരുന്ന ഓരോ പദ്ധതിയുടേയും പുരോഗതിയും പദ്ധതി നടത്തിപ്പ് മോണിറ്റർ ചെയ്യുന്നതിന് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും, വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിലും അവലോകന യോഗങ്ങൾ ചേരുന്നുണ്ട് .<br>5. ഇതു കൂടാതെ ഓരോ ജില്ലകളിലും വികസന പ്രവർത്തനങ്ങൾ വിലയിരുത്താൻ ഡയറക്ടറേറ്റിലെ നിയന്ത്രണ ഉദ്യോഗസ്ഥർക്ക് ചുമതല നൽകി ആയത് അവലോകനം ചെയ്തു വരുന്നുണ്ട് . |

സെക്ഷൻ ഓഫീസർ